# പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2944** **15/12/2015 ൽ മറുപടിക്ക്**

## സ്മാർട്ട് ക്ലാസ് മുറികൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.പുരുഷൻ കടലുണ്ടി | | ശ്രീ.പി.കെ.അബ്ദു റബ്ബ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) | |
| എ) | സംസ്ഥാനത്തെ മുഴുവൻ ക്ലാസ് മുറികളും സ്മാർട്ട് ക്ലാസ് മുറികളാക്കി മാറ്റിയിട്ടുണ്ടോ ; ഇതിനായി ഓരോ ബജറ്റിലും എത്ര തുക വീതം നീക്കി വയ്ക്കുകയുണ്ടായി ; അതിൽ ചെലവഴിക്കുന്നതിനായി പിൻവലിച്ച തുക എത്ര; ഇതിനായി ചെലവഴിച്ച തുകയ്ക്കനുസൃതമായ പ്രവർത്തനങ്ങൾ ഈ രംഗത്ത് ഉണ്ടായിട്ടില്ലാത്ത ആക്ഷേപം നിലനിൽക്കുന്നതാണോ ; | എ) | ഇല്ല. ഈ ലക്ഷ്യം നേടുന്നതിലേക്കായി 2013-14 വർഷത്തിൽ ഒരു കോടി രൂപ സ്മാർട്ട് ക്ലാസ് റൂമിനും 2.5 കോടി രൂപ മൾട്ടിമീഡിയ ക്ലാസ്സ്റൂമിനും, 2014-15 വർഷത്തിൽ മൾട്ടിമീഡിയ ക്ലാസ്സ്റൂമിന് 1.8 കോടി രൂപയും അനുവദിച്ചിരുന്നു. പ്രസ്തുത തുക ഉപയോഗിച്ച് ഒരു ജില്ലയിൽ നിന്നും ഒരു സ്കൂളിനെ തെരഞ്ഞെടുത്ത് മോഡൽ സ്മാർട്ട് ക്ലാസ് റൂമുകളും 738 ഗവൺമെന്റ് ഹൈസ്കൂളുകളിൽ ഓരോ മൾട്ടിമീഡിയ ക്ലാസ് റൂമുകളും നടപ്പിലാക്കുന്നതിനുമുള്ള നടപടികൾ അവസാനഘട്ടത്തിലാണ്. |
| ബി) | സംസ്ഥാനത്തെ സർക്കാർ സ്കൂളുകളുടെ ക്ലാസ് മുറികളിൽ കുറഞ്ഞ അടിസ്ഥാന സൗകര്യങ്ങളെങ്കിലും ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; ഇവയുടെ അഭാവം മൂലം ചില സ്കൂളുകളെ ആരോഗ്യവകുപ്പ് ലിസ്റ്റ് ചെയ്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ? | ബി) | അടിസ്ഥാന സൗകര്യങ്ങളുടെ കാര്യത്തിൽ കേരളത്തിലെ മിക്ക സ്കൂളുകളും ഇതര സംസ്ഥാനങ്ങളെ അപേക്ഷിച്ച് വളരെ മുന്നിലാണ്. എന്നാൽ ചില പ്രദേശങ്ങളിലെങ്കിലും ഇനിയും പദ്ധതികൾ പൂർത്തീകരിച്ചിട്ടില്ല. ഇതിനുള്ള ശ്രമം തുടരുന്നു. ആരോഗ്യ വകുപ്പ് മാത്രമല്ല, പ്രാദേശിക ഭരണകൂടങ്ങളും ചില സ്കൂളുകളുടെ വികസന പ്രവർത്തനങ്ങളിൽ പങ്കാളിത്തം വഹിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ